(ബി) ഉണ്ടെങ്കിൽ ഈ ആശുപത്രിയിൽ ചികിൽസയ്ക്കെത്തുന്നവർക്ക് എന്ത് സൗകര്യമാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആശുപത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് നിയമിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) മഞ്ചേരി മണ്ഡലത്തിൽ തൃപ്പനച്ചി പി. എച്ച്. സി.-യിൽ ഡോക്ടർമാർ ഇല്ലാത്ത സ്ഥിതി ഇല്ല. അവിടെ സ്ഥിരമായി രണ്ട് അസിസ്റ്റന്റ് സർജൻമാർ ജോലി ചെയ്യുന്നുണ്ട്.

(സി) സ്ഥിരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ഒഴിവിൽ 15-1-2005-ൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ടിയാൾ ജോലിക്ക് ഹാജരായിട്ടുണ്ട്.

പാങ്ങ് ആശുപത്രിയുടെ സമഗ്രവികസനത്തിന് നടപടികൾ

125 [3824] *ശ്രീ. മഞ്ഞളാംകുഴി അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കുറവ ഗ്രാമപഞ്ചായത്തിൽപ്പെട്ട പാങ്ങ് ആശുപത്രിയുടെ പ്രശ്നങ്ങൾ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രി പി. എച്ച്. സി. -യിൽ നിന്ന് സി. എച്ച്. സി. ആയി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നാട്ടുകാരുടെ സഹായത്തോടെ ഈ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ ആശുപത്രിയിൽ ഇപ്പോൾ ഒറ്റ ഡോക്ടർമാരും നിലവിലില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പാങ്ങ് ആശുപത്രിയെ സി. എച്ച്. സി. ആയി ഉയർത്താനും കിടത്തി ചികിൽസ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. വാർഡുകളുടെയും ക്വാർട്ടേഴ്സുകളുടെയും റിപ്പയർ, ഇലക്ട്രിക്കൽ റിപ്പയർ, പ്ലംബിംഗ് വർക്ക്സ്, പുതിയ കിടക്കകൾ തുടങ്ങിയവ നാട്ടുകാരുടെ സഹായത്തോടെ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല. പി. എസ്. സി. മുഖേന 7-2-2005-ൽ നിയമനം ലഭിച്ച ഡോക്ടർ ഉൾപ്പെടെ രണ്ട് ഡോക്ടർമാർ നിലവിൽ പാങ്ങ് ആശുപത്രിയിൽ ജോലി നോക്കുന്നുണ്ട്.

(ഇ) പാങ്ങ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ-2, സ്റ്റാഫ് നേഴ്സ്-1 എന്നീ അധിക തസ്തികകൾ സൃഷ്ടിക്കുകയും 19 അധിക കിടക്കകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സി. എച്ച്. സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കോടഞ്ചേരി പി. എച്ച്. സി. യിൽ കിടത്തി ചികിൽസാ സൗകര്യം

126 [3825] *ശ്രീ. സി. മോയിൻകുട്ടി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കോടഞ്ചേരി പി. എച്ച്. സി. ക്ക് നിലവിൽ എന്തൊക്കെ ഭൗതിക സാഹചര്യങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പി. എച്ച്.-സി. യിൽ കിടത്തി ചികിൽസ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(സി) കിടത്തി ചികിൽസക്കാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കാമെന്ന ഗ്രാമപഞ്ചായത്തിന്റെ തീരുമാനം കണക്കിലെടുത്ത് മലയോര-കുടിയേറ്റ-ആദിവാസി കാർഷിക മേഖലയിലെ ഈ പി.എച്ച്. സി.-യിൽ അടിയന്തിരമായി കിടത്തി ചികിൽസയ്ക്ക് അനുമതി നൽകുമോ?.

ഉത്തരം

(എ) കോടഞ്ചേരി പി. എച്ച്. സി.-ക്ക് ഒ. പി. ബ്ലോക്ക്, പുതിയതായി പണിതീർത്ത 10 കിടക്കകളുള്ള ഐ. പി. വാർഡ്, മൂന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്.

(ബി) & (സി) കിടത്തി ചികിൽസ ആരംഭിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയുടെ നവീകരണം

127 [3826] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി ഡോക്ടർ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly